(ബി) ഈ മാവേലി സ്റ്റോറുകൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) നിലവിൽ സ്പ്ലൈകോയുടെ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകി നടപടി എടുത്തുവരുന്നത്. ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളിൽ നിന്നും ആദ്യ മൂന്ന് വർഷത്തേക്ക് വാടകരഹിതമായി അനുയോജ്യമായ കെട്ടിടവും കമ്പ്യൂട്ടറും മറ്റ് അനുബന്ധ സാമഗ്രികൾക്കുമായി അമ്പതിനായിരം രൂപയും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പഞ്ചായത്തുകളിൽ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മാവേലി, ലാഭം സ്റ്റോറുകളിലെ സാധനങ്ങളുടെ വില വിവരം

71 (5749) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലും, ലാഭം സ്റ്റോറുകളിലും സാധനങ്ങളുടെ വിലവിവരം എത്രയെന്ന വിവരം ലഭ്യമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) അരി വില വർദ്ധിപ്പിക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സപ്ലൈകോ മാവേലി സ്റ്റോറുകളിലൂടെ സബ്സിഡി നൽകി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ ചില്ലറ വിൽപ്പന ചുവടെ ചേർക്കുന്നു :

അരി	13.00
ചെറുപയർ	28.00
ഉഴുന്ന്(തൊലി കളഞ്ഞത്)	36.00
ഉഴുന്ന് പിളർന്നത്	31.00
വൻകടല	20.00
വൻപയർ	26.50
തുവരപ്പരിപ്പ്	34.00

LIBRARY ARCHIVES Kerala Legislative Assembly

പീസ് പരിപ്പ്	18.00
മുളക്	45.00
മല്ലി	37.00
ജീരകം	96.00
കടുക്	22.00
ഉലുവ	28.00

സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ (ലാഭം സ്റ്റോർ ഉൾപ്പെടെ) ക്ലീനിംഗ്, പാക്കിംഗ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് വിൽപ്പന നടത്തുന്നത്.

(ബി) 2006 സെപ്റ്റംബർ മുതൽ 3 വർഷവും 9 മാസവുമായി 12 ഇന മാവേലി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ മല്ലിയുടെ വില 34 രൂപയിൽ നിന്ന് 89 ആയി ഒക്ടോബർ 2008-ൽ വർദ്ധിപ്പിച്ചു. 2008 ഡിസംബർ മുതൽ അത് 69 രൂപയായും 2009 മാർച്ച് മുതൽ 59 രൂപയായും 2010 ജൂലൈ മുതൽ 37 രൂപയായും കുറവ് ചെയ്തു.

(സി) നിലവിലുള്ള പൊതുവിപണി വിലകളും, സർക്കാരിൽ നിന്നുള്ള ധനസഹായവും കണക്കിലെടുക്കുമ്പോൾ കോർപ്പറേഷന് അരി വിലപ്പനയിലൂടെയുണ്ടാകുന്ന നഷ്ടം നികത്താനായി അരിവില വർദ്ധിപ്പിക്കേണ്ടി വരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടെങ്കിലും എഫ്.സി.ഐ. വഴി OMSS സ്കീമിൽ അരി ലഭിക്കുമെന്നതിനാൽ നിലവിലുള്ള അരി വില തന്നെ തുടരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മുവാറ്റുപുഴ കാവുംകര മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആയി ഉയർത്തണമെന്ന ആവശ്യം

72 (5750) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുവാറ്റുപുഴ കാവുംകര മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റ് ആയി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) എന്നത്തേക്ക് ഇവിടെ സൂപ്പർ മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly